## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3200 15.02.2013 - ൽ മറുപടിക്ക്**

# അയിലം പാലം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. സത്യൻ : | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) | |
| (എ) | അയിലം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (എ) | അയിലം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. രണ്ട് അബട്ട്മെന്റും ഒരു പിയറും പൂർത്തിയായി. |
| (ബി) | ഇതിന്റെ നിർമ്മാണപ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; | (ബി) | അയിലം പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 30.06.2013 - ന് മുമ്പായി പൂർത്തീകരിക്കുവാൻ കരാറുകാരൻ സമ്മതിച്ചിട്ടുണ്ടെങ്കിലും, ഒരു പിയറിന്റെ ഫൗണ്ടേഷനും, 3 സ്പാനുകളുടെ നിർമ്മാണവും, പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡും നിർമ്മിക്കേണ്ടതിനാൽ, പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 31.12.2013 - ന് മുമ്പായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇതിന്റെ കരാർ തുക എത്രയാണെന്നറിയിക്കുമോ ; | (സി) | അയിലം പാലത്തിന്റെ കരാർ തുക 8,02,91,466/- രൂപയാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതിന്റെ കരാർ ഏറ്റെടുത്തത് ആരാണെന്ന് അറിയിക്കുമോ ; | (ഡി) | ഈ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തത് ശ്രീ. എസ്. സതീഷ്, ശ്രീ. കെ. എൻ. സത്യപാലൻ കമ്പനി എഞ്ചിനിയറിംഗ് കോൺട്രാക്ടേഴ്സ്, ഇടക്കിടം (പി. ഒ) കൊല്ലം എന്ന കോൺട്രാക്ടർ ആണ്. |
| (ഇ) | പാലം നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ? | (ഇ) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.